**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238** **10-03-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിൽ ഇന്റർനെറ്റ് സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലകളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ പട്ടികവർഗ്ഗ നഗറുകളിലും ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാത്ത പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങൾ കണ്ടെത്തി ബി.എസ്.എൻ.എൽ, ജിയോ, പ്രാദേശിക കേബിൾ ഓപ്പറേറ്റർമാർ ഉൾപ്പെടെയുള്ള സേവനദാതാക്കളുടെ സഹകരണത്തോടെ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം ആവിഷ്കരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ പട്ടികവർഗ്ഗ നഗറുകളിലും ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാത്ത പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങൾ കണ്ടെത്തി ബി.എസ്.എൻ.എൽ, ജിയോ, പ്രാദേശിക കേബിൾ ഓപ്പറേറ്റർമാർ ഉൾപ്പെടെയുള്ള സേവനദാതാക്കളുടെ സഹകരണത്തോടെ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മുഴുവൻ ആദിവാസി മേഖലകളിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | മുഴുവൻ ആദിവാസി മേഖലകളിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിന് വേണ്ടി പട്ടികവർഗ വികസന വകുപ്പ്, ത്രിതലപഞ്ചായത്ത്, എം.പി. ഫണ്ട്, സി.എസ്.ആർ.ഫണ്ട്, ജില്ലാ ഭരണകൂടത്തിന്റെ ഫണ്ട് എന്നിവ ഉൾപ്പെടെയുള്ള വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തികൾ നിർവ്വഹിച്ച് വരുന്നു. സംസ്ഥാനത്തെ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കേണ്ടതായി കണ്ടെത്തിയിരുന്ന 1284 പട്ടികവർഗ്ഗ മേഖലകളിൽ 1121 നഗറുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുകയും ശേഷിക്കുന്ന 163 പട്ടികവർഗ നഗറുകളിൽ 4G സാച്ചുറേഷൻ ലഭ്യമാക്കുന്നതിനായി ബി.എസ്.എൻ.എൽ മുഖേന നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ